# ഇസ്‌ലാം
# ആക്രോശവും ആശ്ലേഷവും

കവര്‍സ്റ്റോറി

**ടി. മുഹമ്മദ് വേളം**



**എന്തിനാണ്** പൊതുസമൂഹം ഇസ്‌ലാമിനെ ഭയപ്പെടുന്നത്? ഇസ്‌ലാം എന്തിനാണ് പൊതുസമൂഹത്തെ പേടിക്കുന്നത്? ഇസ്‌ലാമിനും പൊതുസമൂഹത്തിനും ഇടയില്‍ പരസ്പരം കൈമാറാന്‍ ഭയം മാത്രമാണോ ഉള്ളത്? മനുഷ്യനിലെ ഏറ്റവും തീവ്രവും നിഷേധാത്മകവുമായ വികാരങ്ങളിലൊന്നാണ് ഭയം. ഭയത്തിന്റെ സ്വാഭാവികമായ ഫലമാണ് വെറുപ്പ്. വെറുപ്പിനെ വെച്ചുമാറുക എന്നതാണോ ഇസ്‌ലാമിനും ഇസ്‌ലാമിതര സമൂഹത്തിനുമിടയില്‍ നടന്നുകൊണ്ടിരിക്കുന്നത്? കുറേക്കൂടി ഗുണപരമായി പരസ്പരം മനസ്സിലാക്കാന്‍ ഇസ്‌ലാമിനും ഇസ്‌ലാമിതര സമൂഹത്തിനും സാധിക്കുകയില്ലേ?

അസഹിഷ്ണുതയാണ് ഇസ്‌ലാമിന്റെ പേരില്‍ ആരോപിക്കപ്പെടുന്ന ഏറ്റവും വലിയ കുറ്റം. അതിന്റെയും ഒരു കാരണം ഭയമാണ്. തങ്ങളെ അന്യര്‍ സാംസ്കാരികമായി കീഴ്പ്പെടുത്തിക്കളയുമോ എന്ന ആത്മവിശ്വാസക്കുറവ്.

വാര്‍ത്തകളില്‍ നിറഞ്ഞുനില്‍ക്കാന്‍ ഭാഗ്യമോ നിര്‍ഭാഗ്യമോ ലഭിച്ച മതമാണ് ഇസ്‌ലാം. ഇസ്‌ലാം നമ്മുടെ പ്രഭാതപത്രവാര്‍ത്തകളുടെ, ചാനല്‍-ചിത്ര-ശബ്ദങ്ങളിലെ ഒഴിവാക്കാനാവാത്ത ചേരുവയാണ്. ഇസ്‌ലാം ജീവിക്കുന്ന മതമാണ്; മൃതമതമല്ല-

അതൊരു തെമ്മാടി ജീവിതമായാണ് അവതരിപ്പിക്കപ്പെടുന്നതെങ്കിലും. മുസ്‌ലിം വംശസ്വത്വത്തേക്കാൾ ഇസ്‌ലാം തന്നെയാണ് ചർച്ചയുടെ മുനയായി വർത്തിക്കുന്നത്. മുസ്‌ലിംഫോബിയ എന്നല്ല ഇസ്‌ലാമോഫോബിയ എന്ന പദാവലിയാണ് ഇസ്‌ലാം അനുഭവത്തെക്കുറിക്കാൻ ഉപയോഗിക്കപ്പെടുന്നത്. മുസ്‌ലിം സമുദായത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ഭീകരപ്രവർത്തനങ്ങൾ ഇസ്‌ലാം ഭീകരത എന്നടയാളപ്പെടുത്തപ്പെടുന്നു. എന്നാൽ ഹൈന്ദവ, ക്രൈസ്തവ, ജൂത മതസ്ഥരുടെ അരുതായ്മകൾ ഇങ്ങനെ മതം കൊണ്ട് അടയാളം വെക്കപ്പെടാറില്ല. നേരത്തെ ധാരാളം നിരീക്ഷിക്കപ്പെട്ടപോലെ ശത്രുവിനെ മൂർത്തവത്കരിക്കാനുള്ള സാമ്രാജ്യത്വത്തിന്റെ ശ്രമത്തിന് ഈ പ്രചാരണത്തിൽ വലിയ പങ്കുണ്ട്. പക്ഷേ, ഈ പ്രചാരണത്തിന്റെ മനഃശാസ്ത്രത്തെ ഇങ്ങനെ ഏകമുഖമായി മാത്രം അപഗ്രഥിക്കുക സാധ്യമല്ല. വേറെയും പ്രചോദനങ്ങൾ ഈ പ്രചാരണത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഇതര മതസമൂഹങ്ങളിൽ നിന്ന് വ്യത്യസ്തമായി മുസ്‌ലിം ജീവിതത്തിൽ മതം നിർണായകമായ ഒരു ഘടകമാണെന്ന് മറ്റുള്ളവർ മനസ്സിലാക്കുന്നു. അവരുടെ നെറിയിലും നെറികേടിലുമെല്ലാം മതം ഒരു സജീവ സാന്നിധ്യമാണെന്ന് അവർക്ക് തോന്നുന്നു. എന്നാൽ അവരുടെ മതത്തെ സാമൂഹ്യശാസ്ത്രപരമായി വിശകലനം ചെയ്യാനുള്ള ഏറെ ഉപാധികളൊന്നും പൊതുസമൂഹത്തിന്റെ പക്കലില്ലതാനും. മുസ്‌ലിം വംശസ്വത്വത്തെ കുറെയൊക്കെ ഉദാരതയോടെ സമീപിക്കാൻ ഉത്തര കൊളോണിയൽ പഠനങ്ങൾക്ക് സാധിക്കാറുണ്ട്. എന്നാൽ ആ ഉദാരതയും ഇസ്‌ലാമിന്റെ കാര്യത്തിൽ സാധ്യമാവാറില്ല. ഓറിയന്റലിസമാണ് ഇസ്‌ലാമിനെ പഠിക്കാൻ ഇസ്‌ലാമിതര ലോകം നടത്തിയ ഏറ്റവും സംഘടിതമായ അക്കാദമിക സംരംഭം. പക്ഷേ, രാഷ്ട്രീയവും വംശീയവുമായ കാരണങ്ങളാൽ ഇസ്‌ലാമിനും ഇസ്‌ലാമിതര ലോകത്തിനുമിടയിൽ ഇന്ദ്രിയം തുറക്കലുകൾക്ക് അത് ഏറെ സഹായം ചെയ്യാതെപോയി. എന്നുമാത്രമല്ല, എതിർ സഹായങ്ങൾ ധാരാളം ചെയ്യുകയും ചെയ്തു. മുസ്‌ലിം വംശീയ സ്വത്വത്തിനപ്പുറം ഇസ്‌ലാമിനെത്തന്നെ സൈദ്ധാന്തികമായി അഭിമുഖീകരിച്ചുകൊണ്ടേ ഈയവസ്ഥയെ ലോകത്തിന് സത്യസന്ധമായി നേരിടാനാകൂ. ഇസ്‌ലാമിന്റെ ദൈവശാസ്ത്രവും ആധ്യാത്മികതയും ശരിയോ തെറ്റോ എന്നതിനപ്പുറം സഹവർത്തിത്വമുള്ള ഒരു ലോകത്ത് ക്രിയാത്മക സാന്നിധ്യമാവാൻ അതിനു കഴിയുമോ എന്നന്വേഷിക്കാനുള്ള ശ്രമങ്ങൾ നടക്കേണ്ടതുണ്ട്. ഒരു മതവും കുഴപ്പം സൃഷ്ടിക്കാൻ പഠിപ്പിക്കുന്നില്ല എന്നു പുറമേക്ക് ഭംഗിവാക്ക് പറയുകയും എന്നാൽ ഇസ്‌ലാമിനെ ഇച്ചിരി പേടിക്കണം എന്ന് ഉള്ളാലെ കുശുക്കുകയും ചെയ്യുന്ന കാപട്യത്തെ അവസാനിപ്പിക്കാൻ അങ്ങനെയേ നമ്മുടെ പൊതുബോധത്തിന് കഴിയുകയുള്ളൂ.

**ജമാഅത്തെ ഇസ്‌ലാമിയുടെ കാര്യത്തിൽ ഭയപ്പെടുത്തൽ ആക്ടിവിസമാണ് ഹമീദ് ചേന്ദമംഗല്ലൂർ മൂന്നു പതിറ്റാണ്ടായി കേരളത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. അദ്ദേഹം എഴുതിയ ഏത് ലേഖനം പരിശോധിച്ചാലും അതിൽ ജമാഅത്തെ ഇസ്‌ലാമി ഏതെങ്കിലും തരത്തിലുള്ള ഭീകരവാദപ്രവർത്തനം നടത്തിയത് പറയുന്നത് കാണാറില്ല. പകരം ഇവരുടെ പ്രത്യയശാസ്ത്രം സ്വയം ഭീകരവും ഭീകരതക്ക് കാരണവുമാണെന്നാണ് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇവിടത്തെ എത്രയോ പൊതുപ്രവർത്തകർ, സാധാരണക്കാർ, ബുദ്ധിജീവികൾ ഒക്കെ ജമാഅത്തെ ഇസ്‌ലാമിക്കൊപ്പം ഉണ്ടും ഉറങ്ങിയും അതിന്റെ സമര–സേവന–സൗഹൃദ–ആധ്യാത്മിക പ്രവർത്തനങ്ങളിൽ പങ്കാളികളും സഹകാരികളുമൊക്കെയായിട്ടും ഇതുവരെ അനുഭവപ്പെടാത്ത ഒരു ഭീകരത ഹമീദ് ചേന്ദമംഗല്ലൂർ നിരന്തരം ഉപന്യസിക്കുന്നതിന്റെ പൊരുളെന്താണ്?**

സ്വത്വപ്രതിസന്ധി ഏറെ പേറുന്ന സമൂഹമാണ് മുസ്‌ലിംകൾ. മറ്റു സമുദായങ്ങൾക്കൊന്നുമില്ലാത്ത വല്ലാത്ത ഒരു പ്രതിസന്ധി മുസ്‌ലിംകൾക്ക് മാത്രം ഉണ്ടാകുന്നതെന്തുകൊണ്ടാണ്? അവർ മാറാനൊരുക്കമില്ലാത്തവരും വഴങ്ങാൻ സന്നദ്ധമല്ലാത്തവരും പുരോഗതിക്ക് പുറം തിരിഞ്ഞു നിൽക്കുന്നവരും ആയതുകൊണ്ടല്ലേ ഇത് സംഭവിക്കുന്നത് എന്ന് പലരും മെല്ലെയും ഉറക്കെയും ചോദിക്കാറുണ്ട്. മുസ്‌ലിമിന്റെ ഈ ആധുനിക വിരുദ്ധതയാണ് അവന്റെ മുഴുവൻ ദുരിതത്തിനും അവനെക്കൊണ്ടുള്ള മുഴുവൻ ദുരിതങ്ങൾക്കും കാരണമെന്ന് ചില പണ്ഡിതന്മാർ സംഗ്രഹിക്കാറുണ്ട്. മുസ്‌ലിം ഐഡന്റിറ്റി ക്രൈസിസ് അനുഭവിക്കുന്നു എന്നതിന്റെ മറുവശം അവൻ ഐഡന്റിറ്റി സൂക്ഷിക്കുന്നു എന്നതാണ്. എന്നാൽ ഈ ഐഡന്റിറ്റിയും പൊതുസമൂഹത്തിന്റെ രുചികളും തമ്മിൽ എവിടെയൊക്കെയോ പൊരുത്തക്കേടുകൾ നിലനിൽക്കുന്നു. ഈ പൊരുത്തക്കേടുകൾ പരിഹരിക്കുക സാധ്യമല്ലേ? അതിന് പൊതുസമൂഹവും സമകാലിക ഇസ്‌ലാം സമൂഹവും ചില ഗൃഹപാഠങ്ങൾ ചെയ്യേണ്ടതില്ലേ? ഒരിക്കലും പരിഹരിക്കാനാവാത്ത ഒരു സംഘർഷമാണോ ഇത്? ഇതു പരിഹരിക്കുന്നതിൽ നമ്മുടെ ബുദ്ധിജീവികൾക്ക് ഉത്തരവാദിത്വമില്ലേ? ഇസ്‌ലാമിക മതപ്രകാശനത്തിനും പൊതുസമൂഹത്തിന്റെ താൽപര്യങ്ങൾക്കുമിടയിൽ ഒരു ബാലൻസിംഗ് സാധ്യമല്ലേ?

## രണ്ട്

ജനാധിപത്യ സമൂഹത്തിൽ ഏതൊരു ആദർശസമൂഹത്തിനും ആ ജനാധിപത്യ സമൂഹത്തോട് ചില ഉത്തരവാദിത്വങ്ങളുണ്ട്. ഇത് പരക്കെ അംഗീകരിക്കപ്പെട്ടതുമാണ്. എന്നാൽ ഒരു ദർശനത്തോട് ജനാധിപത്യസമൂഹത്തിനും ചില ഉത്തരവാദിത്വങ്ങളുണ്ട്. വൈരുധ്യങ്ങളുടെ ഏറ്റവും മാനവികമായ സമന്വയമാണ് ജനാധിപത്യം. എല്ലാവരും ഒരുപോലെയാവുക സാധ്യമല്ല. അത് സൗന്ദര്യവുമല്ല. വ്യത്യസ്തതകൾക്കിടയിലെ സംഘർഷങ്ങൾ പരിഹരിക്കാനാണ് നാം ജനാധിപത്യത്തെ കണ്ടെത്തിയത്. സംഘർഷങ്ങൾ പരിഹരിക്കാൻ മാത്രമല്ല എല്ലാ വൈവിധ്യത്തിനും നിലനിൽക്കാനും വളരാനുമുള്ള അനുകൂല സാഹചര്യം ലഭ്യമാകാനുമാണ്.

ജനാധിപത്യവും അതിനകത്തുള്ള ഒരു ആദർശസമൂഹവും തമ്മിലുള്ള ഉടമ്പടിയെന്താണ്? ജനാധിപത്യത്തിനും ഒരു ആദർശത്തിനും ഇടക്കുള്ള പെരുമാറ്റച്ചട്ടമെന്താണ്? ലിബറൽ ഡെമോക്രസി നിലനിൽക്കുന്നതുതന്നെ ഈ ചോദ്യത്തിനുള്ള വ്യക്തമായ ഉത്തരത്തിനു മുകളിലാണ്. മറ്റൊരാൾക്ക് ഉപദ്രവം ചെയ്യാത്തിടത്തോളം ഒരാൾക്ക് എന്തും വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും പ്രതിനിധീകരിക്കാനും സ്വാതന്ത്ര്യമുണ്ട്. ഇത് ഇസ്‌ലാമിക ശരീഅത്തിന്റെയും ഒരടിസ്ഥാനമാണ്. മറ്റൊരാളുടെ ഒരവകാശത്തെ ഹനിക്കാത്തിടത്തോളം ഒരാൾക്ക് അവന്റെ ഏത് ബോധ്യത്തെയും നിറവേറ്റാൻ അവകാശമുണ്ട്.

ഇങ്ങനെ വൈരുധ്യങ്ങളെ സമന്വയിപ്പിക്കുകയും വൈവിധ്യങ്ങൾക്ക് വേദി നൽകുകയും ചെയ്യുന്നതിന് പകരം ജനാധിപത്യം പലപ്പോഴും സ്വയം ഒരു സത്യപ്രസ്താവനയായി മാറുകയാണ്. അപ്പോൾ മറ്റ് സത്യസങ്കൽപങ്ങളുമായി അതിന് സംഘർഷത്തിലേർപ്പെടേണ്ടിവരികയാണ്. നാം ജനാധിപത്യത്തിന് രൂപം നൽകിയത് മതേതര ജനാധിപത്യത്തിന് മാത്രം ജീവവായു ലഭിക്കുന്ന ഒരന്തരീക്ഷമുണ്ടാകാനല്ല. വൈരുധ്യങ്ങളുടെ സമന്വയത്തിന് നാം കണ്ടെത്തിയ ജനാധിപത്യം പല വൈരുധ്യങ്ങളിൽ ഒരു വൈരുധ്യമായി മാറാൻ പാടില്ലാത്തതാണ്.

ഓരോ ദർശനവും സഹസ്രാബ്ദങ്ങളിലൂടെ രൂപപ്പെടുന്നതാണ്. അല്ലെങ്കിൽ അതിന് സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ടായിരിക്കും. അവയിൽ പലതും ലൗകികം മാത്രമല്ല, അലൗകികം കൂടിയാണ്. അവയോട് ജനാധിപത്യമെന്ന നമ്മുടെ വ്യാവഹാരിക ഘടന ഉത്തരവാദിത്വപൂർവം പെരുമാറേണ്ടതുണ്ട്. ജനാധിപത്യം ഒരു വ്യാവഹാരിക ഘടന മാത്രമല്ല ഒരു പ്രപഞ്ച ജീവിത കാഴ്ചപ്പാട് കൂടിയാണെന്നാണ് ഉത്തരമെങ്കിൽ പല കാഴ്ചപ്പാടുകളിൽ ഒന്നു മാത്രമാണെന്ന് അംഗീകരിക്കാനുള്ള വിനയമതിനുണ്ടാകണം.

“മതം വൈവിധ്യമാർന്ന രൂപങ്ങളിൽ പ്രകാശിതമാകുന്ന ഒന്നാണ്. പാശ്ചാത്യ മതേതരത്വം ഏകശിലാത്മകവും വേറിട്ടുനിൽക്കൽ പ്രവണതയുള്ളതുമാണ്. മറ്റുള്ളവയെ അടിച്ചമർത്തുക എന്നത് അതിന്റെ സഹജസ്വഭാവമാണ്. ലോകത്ത് ഇന്നുവരെ ഒരു മതവും ചരിത്രത്തിന്റെ അന്ത്യം പ്രഖ്യാപിച്ചിട്ടില്ല. അത് പറഞ്ഞത് പടിഞ്ഞാറൻ സെക്യുലറിസമാണ്. ഫുകിയാമ അതിന്റ പ്രതിനിധിയാണ്.”(സിയാവുദ്ദീൻ സർദാർ)

മുസ്‌ലിം സ്ത്രീയുടെ വസ്ത്രം നമ്മുടെ മുഖ്യധാരയിൽ എപ്പോഴും പരിഭവത്തിനിടയാവാറുള്ള ഒന്നാണ്. അവൾ വസ്ത്രം കൊണ്ട് വേറിട്ടുനിന്നുകളയുന്നു എന്നതാണ് പരാതി. ഇതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് ഡോ. എം. ഗംഗാധരന്റെ ലേഖനം (*മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2008 ഒക്ടോ. 5)

“മുസ്‌ലിം സ്ത്രീകൾ പർദ ധരിച്ച് നടക്കുന്നത് അവരുടെ കാര്യമല്ലേ, മറ്റുള്ളവരതിൽ ഇടപെടേണ്ടതുണ്ടോ എന്നു ചോദിക്കാം. പക്ഷേ, ഒരു ബഹുമത-സംസ്കാര സമൂഹത്തിൽ കറുത്ത തുണികൊണ്ട് ശരീരം മൂടി നടക്കുന്ന സ്ത്രീകളാണ് പരിശുദ്ധിയുള്ളവരെന്നും, പലവർണത്തിലുള്ള വസ്ത്രങ്ങൾ ധരിച്ചു നടക്കുന്നവർ അത്ര പരിശുദ്ധിയില്ലാത്തവരെന്നും സൂചിപ്പിക്കാൻ ഇടവരുന്നത് പൊതുവെ സമൂഹത്തിന്റെ മാനസികാരോഗ്യത്തിന് ഗുണമാവില്ല. പലവർണത്തിലുള്ള സാരിയും ചുരിദാറും ധരിക്കുന്ന അമുസ്‌ലിം സമുദായത്തിലെ സ്ത്രീകൾ മലിനമേനികളാണെന്ന നേരിയൊരു ധ്വനിപോലും സമുദായങ്ങൾ തമ്മിൽ അകൽച്ചയുണ്ടാക്കുമെന്നുതന്നെ കരുതണം. മതസമുദായങ്ങൾ തമ്മിലുള്ള ബന്ധത്തിൽ സൗഹൃദവും സന്മനസ്സും നിലനിൽക്കുമ്പോൾ മാത്രമാവും യഥാർഥ സെക്കുലർ സംസ്കാരം നിലനിൽക്കുക എന്ന് നമുക്കോർക്കാവുന്നതാണ്” (ഡോ. എം. ഗംഗാധരൻ)

**ആധുനിക ഇന്ത്യയെ രൂപപ്പെടുത്തിയ സാംസ്കാരിക ചേരുവകളിൽ പ്രധാനമായ കൊളോണിയൽ വിരുദ്ധ ജനകീയ സമരം ഹിന്ദുവും മുസ്‌ലിമും പരസ്പരം പങ്കുവെച്ച അനുഭവമാണ്. എന്നാൽ പാശ്ചാത്യ ആധുനികതയും മതേതരത്വവും സവർണ സംസ്കൃതിയും സമം കുഴച്ചെടുത്തുകൂടിയാണ് നാം നമ്മുടെ രാഷ്ട്രത്തിന്റെ സാംസ്കാരിക ശരീരം നിർമിച്ചെടുത്തത്. അവിടെവെച്ചാണ് ഇസ്‌ലാം സാംസ്കാരികമായി പുറത്താക്കൽ ഭീഷണി നേരിടാൻ തുടങ്ങിയത്.**

മതപരമായി പർദ അല്ലെങ്കിൽ ഹിജാബ് ഒരു പ്രത്യേക വസ്ത്രത്തിന്റെ പേരല്ല. ഒരു വസ്ത്രമര്യാദയുടെ പേരാണ്. ആ മര്യാദ പല വസ്ത്രങ്ങളിലൂടെ സാക്ഷാത്കരിക്കാവുന്നതാണ്. ചുരിദാറും സാരിയും പാവാടയും കുപ്പായവും അങ്ങനെ മാന്യമായ എന്തുമാകാവുന്നതാണ്. പർദ തന്നെയും കറുത്തത് മാത്രമല്ല പ്രചാരത്തിലുള്ളത്. ഗൾഫ് വഴിയായ അറബ് സ്വാധീനം, സൗകര്യം അങ്ങനെ പല കാരണങ്ങളാൽ നമ്മുടെ മുസ്‌ലിം സ്ത്രീകൾ ഇപ്പോൾ പർദ എന്ന അറബിവസ്ത്രം പരക്കെ ധരിക്കുന്നുണ്ട്. ഉത്തരേന്ത്യക്കാരന്റെ ചുരിദാറും കമ്മീസും പാശ്ചാത്യ നാടുകളിലെ പാന്റ്സും ഷർട്ടും ഒക്കെ ഇവിടെ ധരിക്ക



പ്പെടുന്നുണ്ട്. അതിൽ പർദയോട് മാത്രം നാം എന്തിന് അസഹിഷ്ണുക്കളാകണം. പർദയിൽ ഒരാഗോള ഇസ്‌ലാമിന്റെ നിഴൽ കണ്ട് നാം ഭയചകിതരാകുന്നുണ്ടോ?

മുസ്‌ലിം സ്ത്രീ പർദ ധരിക്കുമ്പോൾ അവൾ അത് പരിശുദ്ധവും മറ്റു വസ്ത്രങ്ങൾ പരിശുദ്ധിയില്ലാത്തതുമാണെന്ന് സൂചിപ്പിക്കുന്നു എന്നതാണ് ഗംഗാധരൻ മാഷ് ഉന്നയിക്കുന്ന മർമപ്രധാനമായ പ്രശ്നം. ഒരു ജനത അല്ലെങ്കിൽ വ്യക്തി തന്റെ കാഴ്ചപ്പാടനുസരിച്ച് വസ്ത്രം ധരിക്കുന്നതും ഭക്ഷണം കഴിക്കുന്നതും വഴി അവൻ ഉച്ചരിക്കാതെ തന്നെ ഒരു പ്രസ്താവന നടത്തുകയാണെന്നാണ് ഗംഗാധരൻ മാഷ് കണ്ടെത്തുന്നത്; ഇത് ഉത്തമവും ബാക്കി അധമവുമാണെന്ന പ്രസ്താവന. ഇത്തരം നിശ്ശബ്ദ പ്രസ്താവനകൾ പോലും ഒരു ബഹുമത ജനാധിപത്യ സമൂഹത്തിൽ അങ്ങേയറ്റം അപകടകരമാണെന്നും. മുസ്‌ലിം സ്ത്രീയുടെ വസ്ത്രമല്ല ഈ വിലയി

രുത്തലാണ് ഒരു ബഹുമത ജനാധിപത്യ സമൂഹത്തിൽ ഏറെ അപകടകരം. മറ്റാർക്കും ഒരു ഉപദ്രവവും ഇല്ലാത്തിടത്തോളം മുസ്‌ലിം സ്ത്രീക്ക് അവൾ ഇഷ്ടപ്പെടുന്ന വസ്ത്രം ധരിക്കാൻ ജനാധിപത്യമായി അവകാശമുണ്ട്. മനുഷ്യരുടെ പ്രവൃത്തികൾ ചിലത് കേവല അഭിരുചിയുടെ അടിസ്ഥാനത്തിലുള്ളതായിരിക്കും. ചിലത് നിലപാടിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിലും. പലപ്പോഴും പ്രവൃത്തികളിൽ ഇതെല്ലാം സമ്മിശ്രമായാണ് നിൽക്കുന്നുണ്ടാവുക.

**വൈരുധ്യങ്ങളെ സമന്വയിപ്പിക്കുകയും വൈവിധ്യങ്ങൾക്ക് വേദി നൽകുകയും ചെയ്യുന്നതിന് പകരം ജനാധിപത്യം പലപ്പോഴും സ്വയം ഒരു സത്യപ്രസ്താവനയായി മാറുകയാണ്. അപ്പോൾ മറ്റ് സത്യസങ്കൽപങ്ങളുമായി അതിന് സംഘർഷത്തിലേർപ്പെടേണ്ടിവരികയാണ്. നാം ജനാധിപത്യത്തിന് രൂപം നൽകിയത് മതേതര ജനാധിപത്യത്തിന് മാത്രം ജീവവായു ലഭിക്കുന്ന ഒരന്തരീക്ഷമുണ്ടാകാനല്ല. വൈരുധ്യങ്ങളുടെ സമന്വയത്തിന് നാം കണ്ടെത്തിയ ജനാധിപത്യം പല വൈരുധ്യങ്ങളിൽ ഒരു വൈരുധ്യമായി മാറാൻ പാടില്ലാത്തതാണ്.**

നിലപാടിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യുന്നവർ ഇത് ഏറ്റവും ശരിയും ഉദാത്തവുമാണെന്ന ബോധ്യമുള്ളതുകൊണ്ടാണ് അപ്രകാരം ചെയ്യുന്നത്. കുടുമ വെക്കുന്ന ബ്രാഹ്മണരും തലമുണ്ഡനം ചെയ്യുന്ന ബുദ്ധഭിക്ഷുക്കളും തലപ്പാവ് ധരിക്കുന്ന സിക്ക് മതസ്ഥരും മതാചാരമായി താടിവെക്കുന്ന മുസ്‌ലിംകളും ഇത് ഏറ്റവും ഉന്നതമാണെന്ന അഭിപ്രായമുള്ളതുകൊണ്ടാണ് അപ്രകാരം ചെയ്യുന്നത്. അങ്ങനെ വിശ്വസിക്കാനും ആചരിക്കാനും സ്വാതന്ത്ര്യമുള്ള ഇടത്തിനുവേണ്ടിയാണ് നാം മതവ്യത്യാസമില്ലാതെ പൊരുതിയത്. ഒരു അമുസ്‌ലിം നമസ്കരിക്കുന്നില്ലല്ലോ എന്ന് മുസ്‌ലിമിന് പരാതിയില്ലാത്തതുപോലെത്തന്നെ അമുസ്‌ലിം സഹോദരി ഹിജാബ് ധരിക്കുന്നില്ലല്ലോ എന്ന് ഒരു മുസ്‌ലിം പുരുഷനോ സ്ത്രീക്കോ പരാതിയുണ്ടാവാൻ ഇടയില്ല. കാരണം ഇസ്‌ലാമിന്റെ ഒരു വിശദാംശത്തിലും മുസ്‌ലിമല്ലാത്തവർ ചുമതലക്കാരല്ലെന്നത് ഇസ്‌ലാം ധർമശാസ്ത്രത്തിലെ പ്രാഥമിക തത്ത്വമാണ്. പക്ഷേ, ഓരോ മുസ്‌ലിം ജീവിതവും ഇസ്‌ലാമിന്റെ ദൈവികതയെക്കുറിച്ചും സത്യതയെക്കുറിച്ചും പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. അതിലേക്ക് ജാതി മത ലിംഗ വർഗ നിരപേക്ഷമായി മുഴുവൻ മനുഷ്യരെയും ക്ഷണിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇസ്‌ലാമിന്റെ കാഴ്ചപ്പാടിൽ ഓരോ മുസ്‌ലിം ജീവിതവും ഇസ്‌ലാമിലേക്കുള്ള ക്ഷണപത്രങ്ങളാവേണ്ടതാണ്.

നാം എന്നുതൊട്ടാണ് മുസ്‌ലിം സ്ത്രീയുടെ ഇസ്‌ലാമികവസ്ത്രവും മുസ്‌ലിം പുരുഷന്റെ താടിയുമൊക്കെ തെറ്റായി വായിക്കാനും ഭയപ്പെടാനും തുടങ്ങിയത്? നമ്മുടെ പ്രിയപ്പെട്ട ബുദ്ധിജീവികൾ കാണെക്കാണെ ഇസ്‌ലാമിനെക്കുറിച്ച ഭയത്തിന്റെയും അസഹിഷ്ണുതയുടെയും വിതരണക്കാരാവുകയാണോ? മതചിഹ്നം വഹിക്കുന്നവനെ/വളെക്കുറിച്ച് നമുക്ക് ന്യായമായും പ്രതീക്ഷിക്കാവുന്നത് അവൻ/അവൾ താരതമ്യേന നല്ലവനാണ് എന്നാണ്. ഈ ധാരണ മുസ്‌ലിമിന്റെ കാര്യത്തിൽ മാത്രം ശരിയല്ലെന്നു പറയാൻ, തിരുത്താൻ ടെലിവിഷൻ കഥകൾക്കപ്പുറം മലയാളിക്കനുഭവമുണ്ടോ? ടെലിവിഷൻ കഥകൾക്ക് പാഠഭേദമുണ്ടെന്നും കഥ എഴുതിയവർക്കും കഥ പറഞ്ഞവർക്കും രാഷ്ട്രീയമുണ്ടെന്നും തിരിയാനുള്ള വിവേകം നമ്മുടെ ബുദ്ധിജീവികൾക്കില്ലാതെപോയോ?

## മൂന്ന്

ഇസ്‌ലാം എത്രയോ കാലമായി നമുക്കിടയിലുണ്ട്. മുസ്‌ലിം എത്രയോ കാലമായി നമ്മുടെ അയൽവാസിയാണ്; സഹപ്രവർത്തകനും സുഹൃത്തുമാണ്. നമ്മുടെ സൗഹൃദങ്ങൾക്ക് വംശപരമ്പരകളുടെ പഴക്കമുണ്ട്. എന്നിട്ടുമെന്തിനാണ് നാം ഇപ്പോൾ ഇങ്ങനെ പരസ്പരം ഭയപ്പെടുകയും ഭയപ്പെടുത്തുകയും ചെയ്യുന്നത്?

നാം ആധുനിക മതേതര ജനാധിപത്യ ഇന്ത്യക്കാരനാവുന്നതിനു മുമ്പ് ഇസ്‌ലാമിനും മറ്റുള്ളവർക്കും ഇന്നുള്ളതിനെക്കാൾ പരസ്പരം മനസ്സിലായിരുന്നു. പുതിയ ഇന്ത്യ അല്ലെങ്കിൽ ഇന്ത്യയെന്ന പുതിയ അനുഭവം എങ്ങനെയാണ് മുസ്‌ലികൾക്കും ഇതരർക്കുമിടയിൽ മറയായി വർത്തിച്ചത്? ആധുനിക ഇന്ത്യയെ രൂപപ്പെടുത്തിയ സാംസ്കാരിക ചേരുവകളിൽ പ്രധാനമായ കൊളോണിയൽ വിരുദ്ധ ജനകീയ സമരം ഹിന്ദുവും മുസ്‌ലിമും പരസ്പരം പങ്കുവെച്ച അനുഭവമാണ്. എന്നാൽ പാശ്ചാത്യ ആധുനികതയും മതേതരത്വവും സവർണ സംസ്കൃതിയും സമം കുഴച്ചെടുത്തുകൂടിയാണ് നാം നമ്മുടെ രാഷ്ട്രത്തിന്റെ സാംസ്കാരിക ശരീരം നിർമിച്ചെടുത്തത്. അവിടെവെച്ചാണ് ഇസ്‌ലാം സാംസ്കാരികമായി പുറത്താക്കൽ ഭീഷണി നേരിടാൻ തുടങ്ങിയത്. ആധുനികതക്കും മതേതരത്വത്തിനും സവർണ സംസ്കൃതിക്കും ഇസ്‌ലാമിനുമിടയിൽ പൊരുത്തങ്ങൾ പലതുമുണ്ടായിരിക്കെത്തന്നെ പൊരുത്തക്കേടുകളും ഉണ്ടായിരുന്നു. ഈ പൊരുത്തക്കേടുകൾ വലിയ അലോസരമായി നമ്മുടെ മുഖ്യധാരക്കനുഭവപ്പെടാൻ തുടങ്ങി.

ഇസ്‌ലാം സ്ത്രീയെ അടച്ചുപൂട്ടുന്നു, വന്ദേമാതരം ചൊല്ലാൻ, നിലവിളക്ക് കൊളുത്താൻ വിസമ്മതിക്കുന്നു, മുസ്‌ലിം വേറിട്ട വസ്ത്രം ധരിക്കുന്നു, അവർ അന്തർദേശീയ മുസ്‌ലിം പ്രശ്നങ്ങളോട് വൈകാരികമായി താദാത്മ്യപ്പെടുന്നു, മതാത്മകമായി രാഷ്ട്രീയത്തിൽ ചിന്തിക്കുന്നു- ഇങ്ങനെയൊക്കെയാണ് പരാതികളുടെ പ്രവാഹം തുടങ്ങുന്നത്. ആഗോള ദേശീയ മുഖ്യധാരകളും ഇസ്‌ലാമും തമ്മിലുള്ള വൈരുധ്യങ്ങൾ കൂടുതൽ തീവ്രമാകുന്നു എന്നതാണ് പുതിയ സംഭവവികാസങ്ങൾ നൽകുന്ന സന്ദേശം. സംഘർഷങ്ങൾ പരമാവധി കുറക്കാനുള്ള ശ്രമം മുസ്‌ലിം സമൂഹ നേതൃത്വത്തിന്റെയും ബുദ്ധിജീവികളുടെയും പണ്ഡിതന്മാരുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതുണ്ട്. സംവാദത്തിനും സഹവർത്തിത്വത്തിനുമുള്ള ശ്രമം ഇസ്‌ലാമിനും മുഖ്യധാരക്കിടയിൽ സമൃദ്ധമായി നടക്കേണ്ടതുണ്ട്.

അതിനുപകരം വ്യത്യസ്തതയുള്ള ഒന്നിനെക്കുറിച്ച് നമ്മുടെ പൊതുബോധത്തിൽ നിരന്തരമായ ഭീതി ജനിപ്പിക്കുകയാണ് നമ്മുടെ പല മാധ്യമങ്ങളും ബുദ്ധിജീവികളും ചെയ്യുന്നത്. ഇവർ നമ്മെപ്പോലെയല്ല, അതുകൊണ്ട് ഇവരെ പേടിക്കണം എന്ന് മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കുകയാണിവർ. തന്നിൽ നിന്ന് വ്യത്യസ്തമായതിനെ പേടിക്കുക എന്നത് മനുഷ്യനിലെ ഒരു പ്രാചീന അസംസ്കൃത വികാരമാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ കാര്യത്തിൽ ഈ ഭയപ്പെടുത്തൽ ആക്ടിവിസമാണ് ഹമീദ് ചേന്ദമംഗല്ലൂർ മൂന്നു പതിറ്റാണ്ടായി കേരളത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. അദ്ദേഹം എഴുതിയ ഏത് ലേഖനം പരിശോധിച്ചാലും അതിൽ ജമാഅത്തെ ഇസ്‌ലാമി ഏതെങ്കിലും തരത്തിലുള്ള ഭീകരവാദപ്രവർത്തനം നടത്തിയത് പറയുന്നത്

കാണാറില്ല. പകരം ഇവരുടെ പ്രത്യയശാസ്ത്രം സ്വയം ഭീകരവും ഭീകരതക്ക് കാരണവുമാണെന്നാണ് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നത്.

ഇവിടത്തെ എത്രയോ പൊതുപ്രവർത്തകർ, സാധാരണക്കാർ, ബുദ്ധിജീവികൾ ഒക്കെ ജമാഅത്തെ ഇസ്‌ലാമിക്കൊപ്പം ഉണ്ടും ഉറങ്ങിയും അതിന്റെ സമര-സേവന-സൗഹൃദ-ആധ്യാത്മിക പ്രവർത്തനങ്ങളിൽ പങ്കാളികളും സഹകാരികളുമൊക്കെയായിട്ടും ഇതുവരെ അനുഭവപ്പെടാത്ത ഒരു ഭീകരത ഹമീദ് ചേന്ദമംഗല്ലൂർ നിരന്തരം ഉപന്യസിക്കുന്നതിന്റെ പൊരുളെന്താണ്? ഇദ്ദേഹം ഭീകരത എന്നുവിളിക്കുന്നത് ജമാഅത്തെ ഇസ്‌ലാമി എന്ന ആശയത്തെത്തന്നെയാണ്. ഇവർ ഇന്നുവരെ ആരുടെ ഒരു തുള്ളി രക്തത്തിനും കാരണക്കാരായിട്ടില്ലെങ്കിലും ഇവർ ജാതിഭേദമന്യേ രാജ്യത്തിനൊരുപാട് നന്മകൾ ചെയ്തിട്ടുണ്ടെങ്കിലും ഇവരുടെ ആശയം തന്നെ ഭീകരമാണ്. ''ഇസ്‌ലാമിനെ ആസ്പദമാക്കിയ രാഷ്ട്രീയക്രമത്തിലൂടെയും ഭരണവ്യവസ്ഥയിലൂടെയും മാത്രമേ മുസ്ലികൾ നേരിടുന്ന പ്രശ്നങ്ങൾ മാത്രമല്ല ലോകം നേരിടുന്ന പ്രശ്നങ്ങൾ തന്നെ പരിഹരിക്കാനാവൂ എന്നതായിരുന്നു അവരുടെ വിലയിരുത്തൽ'' (*മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2008 ഒക്ടോബർ 5)

മുസ്‌ലിംകളുടെ പ്രശ്നത്തിന്റെ പരിഹാരം ഇസ്‌ലാമിക ഭരണമാണെന്നാണ് പറയുന്നതെങ്കിൽ അത് വിഭാഗീയവും മാനവികതയില്ലാത്തതുമാണെന്ന് പറയാം. പക്ഷേ ഒരുകൂട്ടർ മുസ്‌ലിംകളുടെ മാത്രമല്ല മനുഷ്യരുടെ പ്രശ്നത്തിന്റെ പരിഹാരം തന്നെ ഇസ്‌ലാമിക സാമൂഹിക ക്രമമാണെന്ന് പറയുന്നതെങ്ങനെയാണ് ഭീകരതയും ഭീകരതയുടെ കാരണവുമാവുക? ജമാഅത്തെ ഇസ്‌ലാമിയെ സംബന്ധിച്ചേടത്തോളം ഇസ്‌ലാം ലക്ഷ്യം മാത്രമല്ല, മാർഗവുമാണ്. പോരാത്തതിന് ലക്ഷ്യസാഫല്യത്തിന് നിയമാനുസൃത വഴി മാത്രമേ പിന്തുടരൂ എന്ന് കൃത്യമായി രേഖപ്പെടുത്തുകയും അത് ഇന്നേവരെ നിഷ്ഠയോടെ പിന്തുടരുകയും നാളെയും പിന്തുടരണമെന്ന് ശഠിക്കുകയും ചെയ്യുന്ന പ്രസ്ഥാനമാണത്. മനുഷ്യരുടെ മോചനത്തിന്റെ വഴി ഒരു മതമാണെന്ന് വിശ്വസിക്കുന്നതുതന്നെ ഭീകരമാണെന്നാണ് ഹമീദ് ചേന്ദമംഗല്ലൂരിന്റെ നിലപാട്. ആരുടെയും മേക്കിട്ടു കയറാത്ത ഈ സംവാദാത്മക നിലപാട് എങ്ങനെയാണ് ഭീകരതയാവുക എന്നു ചോദിച്ചാൽ മതം മനുഷ്യന്റെ സാമൂഹിക രാഷ്ട്രീയത്തിൽ ഇടപെടരുത് എന്നായിരിക്കും ഉത്തരം. അത് രാഷ്ട്രീയത്തെയും മതത്തെയും കുറിച്ച ഒരഭിപ്രായം മാത്രമല്ലേ എന്നുചോദിച്ചാൽ അത് ഹമീദ് ചേന്ദമംഗല്ലൂരിനും അദ്ദേഹത്തെപ്പോലുള്ളവർക്കും മനസ്സിലാകാൻ സാധ്യതയില്ല. മതവും രാഷ്ട്രീയവും എല്ലാം ചേരുന്ന ജീവിതസാകല്യത്തെക്കുറിച്ച് ചിന്തിക്കുന്നതും ഈ സാകല്യ സിദ്ധാന്തം പ്രതിനിധീകരിക്കുന്നതും ക്രിമിനലിസമാണെന്ന വാദമല്ലേ സുഹൃത്തേ ശരിക്കും ഏറ്റവും വലിയ ഭീകരവാദം?




**മുസ്‌ലിം വംശ സ്വത്വത്തേക്കാൾ ഇസ്‌ലാം തന്നെയാണ് ചർച്ചയുടെ മുനയായി വർത്തിക്കുന്നത്. മുസ്‌ലിം ഫോബിയ എന്നല്ല ഇസ്‌ലാമോഫോബിയ എന്ന പദാവലിയാണ് ഇസ്‌ലാം അനുഭവത്തെക്കുറിക്കാൻ ഉപയോഗിക്കപ്പെടുന്നത്. മുസ്‌ലിം സമുദായത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ഭീകരപ്രവർത്തനങ്ങൾ ഇസ്‌ലാം ഭീകരത എന്നടയാളപ്പെടുത്തപ്പെടുന്നു. എന്നാൽ ഹൈന്ദവ, ക്രൈസ്തവ, ജൂത മതസ്ഥരുടെ അരുതായ്മകൾ ഇങ്ങനെ മതം കൊണ്ട് അടയാളം വെക്കപ്പെടാറില്ല. നേരത്തെ ധാരാളം നിരീക്ഷിക്കപ്പെട്ടപോലെ ശത്രുവിനെ മൂർത്തവത്കരിക്കാനുള്ള സാമ്രാജ്യത്വത്തിന്റെ ശ്രമത്തിന് ഈ പ്രചാരണത്തിൽ വലിയ പങ്കുണ്ട്.**

വ്യത്യസ്തമായ ഒരു വീക്ഷണത്തിനെതിരെ ഭീതി പ്രചരിപ്പിക്കുന്ന വിദ്വേഷത്തിന്റെ സാമൂഹ്യശാസ്ത്രമാണ് ഹമീദ് ചേന്ദമംഗല്ലൂർ പ്രതിനിധീകരിക്കുന്നത്. ഉള്ളത് പറഞ്ഞിട്ടുണ്ടാകുന്ന ഭീതി പോരെന്നു തോന്നിയിട്ട് ഭീതി ഉദ്ദീപിപ്പിക്കുന്നതിനുവേണ്ടി കളവെന്ന പ്രാകൃതായുധവും ലേഖകൻ പ്രയോഗിക്കുന്നുണ്ട്. അബുൽ അഅ്‌ലാ മൗദൂദിയും സയ്യിദ് ഖുത്വ്ബും ഇസ്‌ലാമിനെ വീക്ഷിച്ചത് ഒരു രാഷ്ട്രീയ വ്യവസ്ഥയായിട്ടാണ് എന്ന പ്രസ്താവന ഇതിന്റെ ഒടുവിലത്തെ ഒരു തെളിവ് മാത്രമാണ്.

1977 ഏപ്രിൽ ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാർഥി സംഘടന എന്നപേരിൽ സിമി രൂപവൽകൃതമായി എന്ന പ്രസ്താവനയും കളവുപറച്ചിലിന്റെ മറ്റൊരനുബന്ധമാണ്. സിമിയെക്കുറിച്ച ഭരണകൂട ഭാഷ്യങ്ങളെല്ലാം ശരിയാണെന്നും തെഹൽകയുടെയും ജസ്റ്റിസ് ഗീതാ മിത്തലിന്റെയും പ്രതിഭാഷ്യങ്ങൾ തീർത്തും തെറ്റാണെന്നുമുള്ള വാശി ഹമീദ് ചേന്ദമംഗല്ലൂർ ഉപയോഗിക്കുന്ന പ്രത്യയശാസ്ത്ര ഉപകരണത്തിന്റെ ഏകപക്ഷീയതയെയും അന്ധതയെയുമാണ് നഗ്നമാക്കുന്നത്. കാരണം അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം മതസാമൂഹികതയുമായി ബന്ധപ്പെട്ടവർ ഭീകരവാദികളായേ പറ്റൂ. അതിനെതിരായി വസ്തുതകളുടെ വെളിച്ചത്തിൽ ഏതെങ്കിലും

പത്രപ്രവർത്തകരോ ന്യായാധിപന്മാരോ എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതവർക്ക് തെറ്റുപറ്റിയതാവാനേ ന്യായമുള്ളൂ.

അന്യന്റെ ഭാഷ മനസ്സിലാക്കുക, അത് തെറ്റായി പറയാതിരിക്കുക എന്നത് സംസ്കാരത്തിലും ജനാധിപത്യത്തിലും ഏറെ പ്രധാനമാണ്. പൊതുബോധത്തിന് ചിലപ്പോൾ മനസ്സിലാക്കാൻ പ്രയാസമനുഭവപ്പെട്ടേക്കാവുന്ന മറ്റൊരു ദാർശനിക ഭാഷയെ തെറ്റായി പരിഭാഷപ്പെടുത്തുക എന്ന ചതിയാണ് ഇത്തരം ബുദ്ധിജീവികൾ നിർവഹിക്കുന്നത്. നമ്മിൽ നിന്ന് വ്യത്യസ്തമായി അവർ പറയുന്നതെല്ലാം നമുക്കെതിരായ ആക്രോശമാണെന്ന് പൊതുമനസ്സിനോട് പറയാനാണ് ഇവർ ശ്രമിക്കുന്നത്.

ഇസ്‌ലാമിനും നമ്മുടെ ആധുനിക പൊതുബോധത്തിനുമിടയിൽ ചില അനാവശ്യ സംഘർഷങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് അംഗീകരിക്കുകയും അത് പരിഹരിക്കാൻ ബോധപൂർവമായ ചില നീക്കങ്ങൾ രണ്ട് ഭാഗത്തുനിന്നും നടക്കേണ്ടതുണ്ട്. ഇങ്ങനെയൊന്നുമില്ല, എല്ലാം ശുഭമെന്ന വ്യാജ മംഗള ബോധത്തിനും ആകെ കുഴപ്പമാണെന്ന അശുഭ ചിന്തക്കുമിടയിൽ ചില സത്യസന്ധതകൾ സന്ദർഭം ആവശ്യപ്പെടുന്നുണ്ട്.

ഇസ്‌ലാം നമ്മുടെ മുഖ്യധാരയിൽ ലയിക്കണമെന്ന് പലപ്പോഴും പറയാറുണ്ട്. ഇസ്‌ലാമിനെക്കൂടി ഉൾപ്പെടുത്തി മുഖ്യധാരയെ വികസിപ്പിക്കുകയല്ലേ ഒരു നൈതിക ജനാധിപത്യസമൂഹം ചെയ്യേണ്ടത? മതസഹിത സാമൂഹിക രാഷ്ട്രീയ ബോധത്തെക്കൂടി ഉൾപ്പെടുത്തി നമ്മുടെ മതേതരത്വത്തെ വിശാലമാക്കുകയല്ലേ നാം ചേയ്യേണ്ടത്? അങ്ങനെ കൂടുതൽ മെച്ചപ്പെട്ടതും വിശാലവും വികസിതവുമായ ഒരു ജനാധിപത്യ മതേതര ഇന്ത്യയെ, ലോകത്തെ സൃഷ്ടിക്കാൻ സഹായിക്കുകയല്ലേ നമ്മുടെ ബുദ്ധിജീവികൾ ചെയ്യേണ്ടത്? ■